16
ഒക്ടോബർ
2019

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

**ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..**
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## ഫ്ളാറ്റ് പൊളിച്ച് നീക്കൽ വിവാദം, പിടി കൊടുക്കാതെ മുഖ്യമന്ത്രി



**എരുമാകുളം–** എരുമാകുളത്ത് അനധികൃതമായി നിർമിച്ച ഫ്ളാറ്റ് പൊളിച്ച് നീക്കണമെന്ന കോടതിവിധിയുടെ പശ്ചാത്തലത്തിൽ നിലപാട് വ്യക്തമാക്കാതെ ഉരുണ്ട് കളിച്ച് മുഖ്യമന്ത്രി. ഫ്ലാറ്റ് നിർമിച്ചവരും അത് അനുവദിച്ചവരും രക്ഷപ്പെടുകയും പിന്നീട് ഫ്ളാറ്റ് വാങ്ങിച്ചവർ കെണിയിലാവുകയും ചെയ്യുകയാണ് സംഭവിച്ചത് എന്നും അതിനാൽ ഫ്ളാറ്റ് പൊളിക്കരുത് എന്നും ഒരു വിഭാഗം വാദിക്കുകയും എന്നാൽ മറ്റു പാവങ്ങളോടെന്താ ഈ കരുണയൊന്നും ഇല്ലാത്തത് എന്നു മറ്റൊരു കൂട്ടരും വാക് പോര് തുടരുന്നതിനിടെയാണ് മുഖ്യന്റെ ഈ നിസ്സംഗത. വീടില്ലാത്തവന്റെ സങ്കടം എനിക്കറിയാമെന്നും താമസിക്കാൻ ഒരിടമില്ലെങ്കിൽ വെയിലും മഴയും കാറ്റും കൊള്ളുമെന്നും മഞ്ഞുകൊണ്ട് കഫക്കെട്ട് കൂടുമെന്നുമായിരുന്നു മുഖ്യന്റെ പ്രതികരണം. ചിലപ്പോൾ ജലദോഷവും പനിയും വരെ പിടിപെടും. അതിനാൽ ആർക്കും വീടില്ലാത്ത അവസ്ഥ ഉണ്ടാകരുത്. അതിനാൽ വീടില്ലാത്തവരെല്ലാം വേഗം പോയി വീടുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മുഖ്യമന്ത്രി തുടർന്നു.

## മുഖ്യന് തലക്കെന്തോ പറ്റിയിട്ടുണ്ട്– ജിബ്രുക്കരടി



**ന്യൂ ജംഗ്ൾ–** ഫ്ളാറ്റ് വിവാദവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രി ചടയൻ സിംഹത്തിന്റെ സംസാരം കേട്ടു. എന്തൊക്കെയോ വായിൽ തോന്നിയത് പറയുന്ന അങ്ങോർക്ക് കാര്യമായെന്തോ പറ്റിയിട്ടുണ്ടെന്നും പ്രതിപക്ഷ നേതാവ് ജിബ്രുക്കരടി പറഞ്ഞു. എല്ലാവരോടും പോയി വീടുണ്ടാക്കാനാണ് അങ്ങോർ പറയുന്നത്. നിത്യച്ചെലവിന് തന്നെ വക കണ്ടെത്താൻ പറ്റാത്ത പട്ടിണിമൃഗങ്ങളോടാണ് അങ്ങോർ ഇത് പറയുന്നത്. കാട്ടിലെല്ലാം മനുഷ്യർ വന്ന് കൈയേറ്റം ചെയ്യുന്നത് കണ്ടുനിന്ന് അതിനെതിരെ ഒന്നും ചെയ്യാത്ത മുഖ്യൻ പരസ്പര ബന്ധമില്ലാതെയാണ് സംസാരിക്കുന്നത്. പാവപ്പെട്ട മൃഗങ്ങളെ കുടിയൊഴിപ്പിക്കാൻ ഒരു മടിയുമില്ലാത്ത മുഖ്യന് ധനികരുടെ ഫ്ളാറ്റ് കുടിയൊഴിപ്പിക്കുമ്പോഴാണ് വീടില്ലാത്തവന്റെ വേദന മനസ്സിലാകുന്നത്. ഉടൻ തന്നെ മുഖ്യനെ ഏതെങ്കിലും സൈക്യാട്രിസ്റ്റിനെ കാണിക്കണമെന്നും ഇപ്പോൾ കൊണ്ടുപോയാൽ നടത്തി കൊണ്ടുപോകാമെന്നും കുറച്ച് ദിവസം കഴിഞ്ഞാൽ ഓട്ടോ വിളിക്കേണ്ടി വരുമെന്നും ജിബ്രു തുടർന്നു.

## പാടാൻ പുഴലിറങ്ങി കാണാതായ മന്നൻ കഴുതയെ രക്ഷിച്ചു



**കരടിക്കാട്–** പുലർച്ചെ പുഴയിലിറങ്ങി കഴുത്തറ്റം വെള്ളത്തിൽ നിന്ന് പാടിയാൽ വലിയ പാട്ടുകാരനാവാമെന്നും സിനിമയിലൊക്കെ പാട്ടുപാടി വലിയ സെലിബ്രിറ്റി ആകാമെന്നും മൂങ്ങ വൈദ്യർ ഉപദേശിച്ചതിന്റെ ഫലമായി പുഴയിൽ പോവുകയും ഒലിച്ചുപോവുകയും ചെയ്ത മന്നൻ കഴുതയുടെ കഥ കഴിഞ്ഞദിവസം സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. കാട്ടിലെ മൃഗങ്ങളും പോലീസുമെല്ലാം നടത്തിയ ഊർജിതമായ തെരച്ചിൽ അവസാനം ഫലം കണ്ടു. അത്യാസന്നനിലയിലായ മന്നനെ ജീവനോടെ തന്നെ കണ്ടെത്തി. തനിക്കിനി സെലിബ്രിറ്റിയാവണ്ട എന്നും ജീവൻ തിരികെ കിട്ടിയതിൽ അതിയായ സന്തോഷമുണ്ടെന്നും തളർന്ന സ്വരത്തോടെ മന്നൻ പറഞ്ഞു.

## മൂങ്ങ വൈദ്യർക്കെതിരെ അന്വേഷണം വേണം



**കാക്കനാട്–** തന്റെ അനിയനെ ഓരോന്ന് പറഞ്ഞ് പറ്റിച്ച് പുഴയിലിറക്കിയ വൈദ്യർക്കെതിരെ അന്വേഷണം വേണമെന്ന് മന്നന്റെ അനിയൻ ചിന്നൻ കഴുത. മന്നന്റെ കൈയിൽ നിന്ന് വൈദ്യർ പണം കടം വാങ്ങിയിരുന്നു. അത് തിരികെ നൽകാതിരിക്കാൻ മന്നന്റെ ജീവൻ അപകടത്തിൽ പെടുത്താൻ ശ്രമിച്ചതാകാം വൈദ്യർ എന്നതാണ് എന്റെ നിഗമനം. ഒരു നല്ല ഇടി വെച്ചു കൊടുത്താൽ സത്യം പുറത്തു വരുമെന്നും ചിന്നൻ പറഞ്ഞു.

**മഞ്ഞപിത്തത്തിനുള്ള ഔഷധം വേർതിരിച്ചെടുക്കുന്ന സസ്യം– കീഴാർനെല്ലി**